**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3085 — 18-06-2019 -ൽ മറുപടിക്ക്

## വെള്ളപ്പൊക്കദുരന്തം തടയാൻ മുൻകരുതൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | *ശ്രീ.ഐ.സി.ബാലകൃഷ്ണൻ* | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കേരളത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പെയ്യുന്ന മഴയുടെ അളവ് സമീപകാലത്ത് കൂടുന്നുവെന്ന് വിദഗ്ധർ വിലയിരുത്തിയിട്ടുള്ളതായി ദുരന്ത നിവാരണ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പ്രസ്തുത വിവരം ഔദ്യോഗിക ഏജൻസി ആയ കേന്ദ്ര കാലാവസ്ഥാ വകുപ്പ് വിലയിരുത്തി അറിയിച്ചിട്ടില്ല. |
| ബി) | ഇപ്രകാരം തീക്ഷ്ണത കൂടിയ മഴ പെയ്യുമ്പോൾ മഴ വെള്ളം മണ്ണിലേക്കിറങ്ങാതെ വളരെ പെട്ടെന്ന് ജലാശയങ്ങളിലെത്തി വെള്ളപ്പൊക്ക ഭീഷണി ഉണ്ടാക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതുമൂലം വരുന്ന കാലവർഷക്കാലത്ത് ദുരന്തസാധ്യത വർദ്ധിച്ചതായി ദുരന്തനിവാരണ അതോറിറ്റി വിലയിരുത്തിയിട്ടുണ്ടോ; | ബി) | മഴ വെള്ളം മണ്ണിലേക്ക് ഇറങ്ങാത്തതുകൊണ്ട് മാത്രം ദുരന്ത സാധ്യത വർദ്ധിക്കുന്നില്ല. കേരളത്തിലെ ജനസാന്ദ്രതയും, ജല ബഹിർഗമന പാതകളെ തടസ്സപ്പെടുത്തുന്ന നിർമിതികളും, തണ്ണീർ തടങ്ങൾ നികത്തുന്നതും, നദീതീര കയ്യേറ്റം, കുന്നുകളിൽ നിന്നും മണ്ണ് മാറ്റുന്നതും പോലുള്ള ഭൂവിനിയോഗമാണ് പ്രധാനമായും ദുരന്ത സാധ്യത വർദ്ധിപ്പിക്കുന്നത്. മണ്ണിൽ ജലം ആഴ്ന്നിറങ്ങാത്ത സാഹചര്യത്തിൽ വരൾച്ചാ സാധ്യത വർദ്ധിക്കുന്നു. കൂടാതെ, നദികളിൽ പെട്ടന്ന് ജലനിരപ്പ് ഉയരുന്ന സാഹചര്യവും ഉണ്ടാക്കാം. മേൽ സാഹചര്യം മൂലം ദുരന്ത സാധ്യത വർദ്ധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ മുൻകരുതൽ നടപടികളാണ് ദുരന്തനിവാരണ അതോറിറ്റി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗ രേഖയും, സംസ്ഥാനത്ത് Incident Response System വും താലൂക്ക് തലം വരെ GO (Rt) No. 280/2019/DMD dated 9-5-2019 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും, 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണം എന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. 8 അദ്ധ്യായങ്ങളുള്ള കൈപ്പുസ്തകം മുൻ അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തയ്യാറാക്കപ്പെട്ട മാർഗ്ഗ നിർദേശ രൂപരേഖയാണ്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും മറ്റ് സ്വകാര്യ കാലാവസ്ഥ സംരംഭങ്ങളുടേയും 2019 ലെ മൺസൂൺ പ്രവചനത്തിന്റെ വിശകലനത്തോടെ ആരംഭിക്കുന്ന കൈപ്പുസ്തകം, വിവിധ കാലാവസ്ഥ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട രീതികളും കൈക്കൊള്ളേണ്ട നടപടികളും വിശദീകരിക്കുന്നു. അംഗീകൃത ദുരന്തങ്ങളേയും മഴക്കാലത്ത് സംസ്ഥാനത്ത് സാധ്യതയുള്ള ദുരന്തങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകത്തിൽ സംസ്ഥാന അടിയന്തര ഘട്ട കാര്യനിർവഹണ കേന്ദ്രം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഡിഇഒസികൾ, കേന്ദ്ര ഏജൻസികൾ, രക്ഷാ സേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ ദുരന്തങ്ങൾക്ക് മുന്നേയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ